ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നംബർ ഇ.എക്സ് II (4)/58926/എച്ച്.എസ്.ഇ/2010 തീയതി : 18/01/2010

## സർക്കുലർ

വിഷയം:-ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2010-അധ്യാപക വിശദാംശങ്ങൾ പോർട്ടലിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

2010 മാർച്ചിലെ ഹയർ സെക്കന്ററി പരീക്ഷയുമായി ബന്ധപ്പെട്ട് വിവിധ പരീക്ഷാ ഡ്യൂട്ടികൾക്ക് നിയമിക്കുന്നതിനുവേണ്ടി ഓരോ സ്കൂളിലേയും അധ്യാപകരെ സംബന്ധിക്കുന്ന വിവരങ്ങളും, ജില്ലയിലെ മറ്റു സ്കൂളുകളിലേയ്ക്കുള്ള ദൂരത്തെ സംബന്ധിക്കുന്ന വിവരങ്ങളും ഹയർ സെക്കന്ററി പോർട്ടലായ www.dhsekerala.gov.in വഴി 23-01-2010 നകം എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരും വീഴ്ചകൂടാതെ ലഭ്യമാക്കേണ്ടതാണ്. ഇതിനുവേണ്ടി തങ്ങളുടെ സ്കൂളിന്റെ ഐ ഡി വച്ച് ലോഗിൻ ചെയ്ത് " ENTER TEACHER DETAILS ONLINE" ക്ലിക്ക് ചെയ്യേണ്ടതും അപ്പോൾ വരുന്ന സ്ക്രീനിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. കഴിഞ്ഞ വർഷം നൽകിയ ഡാറ്റാ സ്ക്രീനിൽ വരുന്നതായിരിക്കും. പുതുതായി ചേർക്കേണ്ടവരെ ചേർക്കുകയും ഒഴിവാക്കേണ്ടവരെ ഒഴിവാക്കുകയും ചെയ്യണം. സ്ക്രീനിലുള്ള ഡാറ്റയിൽ തെറ്റുണ്ടെങ്കിൽ അവ തിരുത്തുകയും ചെയ്യേണ്ടതാണ്. വിവരങ്ങൾ നൽകുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ അതീവശ്രദ്ധയോടെ പാലിക്കേണ്ടതാണ്.

- അപ്രൂവ്ഡായ അധ്യാപകരുടെ വിവരങ്ങൾ മാത്രമേ നൽകാൻ പാടുള്ളു
- അധ്യാപകരുടെ വിവരങ്ങൾ നൽകുമ്പോൾ ഡേറ്റ് ഓഫ് ജോയിനിംഗ് (Date of joining) തുടങ്ങിയ കാര്യങ്ങൾ കൃത്യമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- പ്രിൻസിപ്പാളിന്റെ വിവരങ്ങളും നൽകേണ്ടതാണ്.
- അതത് സ്കൂളിൽ നിന്നും ജില്ലയിലെ മറ്റു സ്കൂളുകളിലേയ്ക്കുള്ള ദൂരത്തിൽ മാറ്റമുണ്ടെങ്കിൽ അവ തിരുത്തേണ്ടതാണ്.
- അധ്യാപകരുടെയും ദൂരത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ **23-01-2010** നു മുമ്പായി എല്ലാ പ്രിൻസിപ്പൽമാരും നിർബന്ധമായും ഹയർ സെക്കന്ററി പോർട്ടൽ വഴി നൽകേണ്ടതാണ്. ഈ തീയതിക്കുശേഷം വിശദാംശങ്ങൾ നൽകാനുള്ള ലിങ്ക് പോർട്ടലിൽ ലഭ്യമായിരിക്കുകയില്ല.

- അൺ എയിഡഡ് സ്കൂളുകൾ ദൂരത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ മാത്രം നൽകിയാൽ മതി.
- അധ്യാപകർ കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ വിശദാംശം "Subjects handling in Plus Two classes" എന്ന കോളത്തിൽ കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. മലയാളം ഉപഭാഷയും ഓപ്ഷണലും എടുക്കുന്നവർ അവ രണ്ടും രേഖപ്പെടുത്തേണ്ടതാണ്. കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഹ്യൂമാനിറ്റീസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോമേഴ്സ് അവ മൂന്നും, രണ്ടെണ്ണം എടുക്കുന്നവർ രണ്ടും രേഖപ്പെടുത്തേണ്ടതാണ്. ഇതു പോലെ കോമേഴ്സ് അധ്യാപകർ അവർ എടുക്കുന്ന ബിസ്നസ് സ്റ്റഡീസ്, അക്കൗണ്ടൻസി വിത്ത് എ എഫ് എസ്, അക്കൗണ്ടൻസി വിത്ത് സി എ എന്നിവ പ്രത്യേകമായും മാത്തമറ്റീസ് അധ്യാപകർ കോമേഴ്സ്, സയൻസ് എന്നിവ പ്രത്യേകമായും രേഖപ്പെടുത്തേണ്ടതാണ്. ഭാഷ കൈകാര്യം ചെയ്യുന്നവർ അവരുടെ മുഴുവൻ വിഷയങ്ങളും പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
- ഓരോ അധ്യാപകന്റേയും വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്.
- സ്കൂളുകൾ തമ്മിലുള്ള അകലം രേഖപ്പെടുത്തുമ്പോൾ യാത്രചെയ്യാൻ സാധിക്കുന്ന ചുരുങ്ങിയ ദൂരമാണ് രേഖപ്പെടുത്തേണ്ടത്. ഇതിൽ തെറ്റ് സംഭവിച്ചാൽ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയ്ക്കും മറ്റുള്ളവയ്ക്കും പ്രിൻസിപ്പൽമാർ ഉത്തരവാദികളായിരിക്കും.

ഒപ്പ്/-
സെക്രട്ടറി,
ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്,
കേരള.